**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 762** **08-10-2024 - ൽ മറുപടിയ്ക്ക്**

**സഹകരണ സംഘങ്ങളുടെ രാത്രി കാവൽ ജീവനക്കാരുടെ തൊഴിൽ നിയമം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സി. എച്ച്. കുഞ്ഞമ്പു** | | **ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ സഹകരണ സംഘങ്ങളുടെ രാത്രി കാവൽക്കാരായ ജീവനക്കാർക്ക് തൊഴിൽ നിയമം അനുശാസിക്കും വിധം ജോലി സമയം, തൊഴിൽ സുരക്ഷ, അവധി, ജോലി ചെയ്യുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട് സഹകരണ സംഘങ്ങൾക്ക് സഹകരണ വകുപ്പ് കൃത്യമായി മാർഗ്ഗ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയത് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (എ) | സംസ്ഥാനത്തെ സഹകരണ സംഘങ്ങളുടെ രാത്രി കാവൽക്കാരായ ജീവനക്കാർക്ക് തൊഴിൽ നിയമം അനുശാസിക്കും വിധം ജോലി സമയം, തൊഴിൽ സുരക്ഷ, അവധി, ജോലി ചെയ്യുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട് സഹകരണ സംഘങ്ങൾക്ക് പ്രത്യേക മാർഗ്ഗ നിർദ്ദേശങ്ങൾ നൽകിയിട്ടില്ല. എന്നാൽ, സഹകരണ സ്ഥാപനങ്ങളിലെ /ബാങ്കുകളിലെ സുരക്ഷാ ക്രമീകരണങ്ങൾ ശക്തിപ്പെടുത്തുന്നതിന് മാർഗ്ഗ നിർദ്ദേശം നൽകി സഹകരണ സംഘം രജിസ്ട്രാർ 11/01/2013 തീയതിയിൽ 01/2013 നമ്പർ പ്രകാരം സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരമാണ് സംഘത്തിൽ രാത്രി കാവൽക്കാരെ നിയമിക്കുന്നത്.<br><br>സഹകരണ സംഘങ്ങളിലെ രാത്രി കാവൽക്കാരായ ജീവനക്കാരുടെ ജോലി സമയത്തെ കുറിച്ച് സഹകരണ നിയമത്തിലോ ചട്ടത്തിലോ പരാമർശിച്ചിട്ടില്ല. കെ.എസ്.ആർ പ്രകാരം അനുവദനീയമായ ലീവുകൾ ടി വിഭാഗം ജീവനക്കാർക്ക് ബാധകമാണ്. അവർക്ക് ജോലി ചെയ്യുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതും, തൊഴിൽ സുരക്ഷ ഏർപ്പെടുത്തുന്നതും അതാത് സഹകരണ സംഘം ഭരണ സമിതിയാണ്. |

സെക്ഷൻ ഓഫീസർ